# കേരളീയവൈദ്യചരിത്രത്തിന്റെ സംസ്കാരരാഷ്ട്രീയം

**ഡോ. സ്വപ്ന ശ്രീനിവാസൻ**
അസി. പ്രൊഫ. മലയാളം, ഗവ. വനിതാകോളേജ്, തിരുവനന്തപുരം

ഇൻഡ്യയിലെ എല്ലാത്തരം ജ്ഞാനശാസ്ത്രങ്ങളുടെയുമെന്നപോലെ വൈദ്യവ്യവഹാരങ്ങളുടെ ചരിത്രരചനയും (historiography) ബ്രിട്ടീഷ്കാർമ്മികത്വത്തിൽ യൂറോപ്യൻ ചരിത്രരചനാപദ്ധതിയനുസരിച്ചാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ഇൻഡ്യക്കാർ ശാസ്ത്രപരിജ്ഞാനമില്ലാത്തവരാണെന്നും അന്ധവിശ്വാസികളാണെന്നും വിധിയെഴുതുന്ന മെക്കാളെ യൂറോപ്യൻ ശാസ്ത്രപഠനമാണ് ഇതിനു പ്രതിവിധിയായി നിർദ്ദേശിക്കുന്നത്[1]. ചികിത്സാസംബന്ധമായ പൗരസ്ത്യജ്ഞാനശാസ്ത്രങ്ങൾക്ക് യൂറോപ്യൻ ശാസ്ത്രവ്യവഹാരങ്ങളിൽനിന്നുള്ള വ്യത്യാസം ഇൻഡ്യക്കാരുടെ അജ്ഞതയുടെ പ്രത്യക്ഷോദാഹരണം എന്ന നിലയിലാണ് മെക്കാളെ വ്യാഖ്യാനിക്കുന്നത് (തോമസ് മെക്കാളെ, 2008 : 374). പത്തൊമ്പതാംനൂറ്റാണ്ടിലെ സാംക്രമികരോഗങ്ങളെയും ചികിത്സകളെയും കുറിച്ചു രചിച്ചിരിക്കുന്ന 'കോളനൈസിങ് ദി ബോഡി' എന്ന ഗ്രന്ഥത്തിൽ ഡേവിഡ് ആർനോൾഡ് ഭാരതീയചികിത്സാപദ്ധതികളുടെ ജനകീയത അപഗ്രഥിക്കുന്നുണ്ട് (1993: 3). ആയിരത്തി എണ്ണൂറ്റി എൺപത്തിനാലു മുതൽ കൽക്കത്ത പോലെയുള്ള സ്ഥലങ്ങളിൽ യൂറോപ്യൻ വൈദ്യശാസ്ത്രപഠനം ആരംഭിക്കുന്നുണ്ടെങ്കിലും മെഡിക്കൽ കോളേജുകൾ സ്ഥിതിചെയ്യുന്ന വൻനഗരങ്ങളിലല്ലാതെ ഗ്രാമാന്തരങ്ങളിലേക്ക് കടന്നുകയറാൻ ആധുനികചികിത്സാസമ്പ്രദായത്തിനു കഴിയാത്തത് ആയുർവേദം, സിദ്ധം, യുനാനി തുടങ്ങിയ ജനകീയചികിത്സാപദ്ധതികളുടെ പ്രചാരം മൂലമാണെന്ന അദ്ദേഹത്തിന്റെ അനുമാനം ഭാരതീയചികിത്സാസമ്പ്രദായങ്ങളുടെ ഫോക്സ്വഭാവത്തിലേക്കുകൂടി വിരൽചൂണ്ടുന്നു. അവ

ജനസാമാന്യത്തിന്റെ അബോധത്തിൽ നിലകൊള്ളുകയും അവശ്യസമയത്ത് സ്വന്തം ധർമ്മം നിർവ്വഹിക്കുകയും പലപ്പോഴും ജീവിതചര്യയുടെ ഭാഗമായിത്തന്നെ തുടരുകയും ചെയ്യുകയാണുണ്ടായത്. അവയുടെ രാഷ്ട്രീയമോ ചരിത്രമോ പലപ്പോഴും അക്കാദമികപരിഗണനയ്ക്കു വിഷയമായിട്ടില്ല. അവ പ്രയോഗരീതി മാത്രമായാണ് കേരളീയസമൂഹത്തിൽ നിലകൊണ്ടിട്ടുള്ളത്. ഇവ പലപ്പോഴും പരമ്പരാഗതമായി പിന്തുടർന്നുപോരുന്ന ജ്ഞാനശാസ്ത്രങ്ങളാണ് എന്നും കാണാൻ കഴിയും.

### കേരളത്തിലെ വൈദ്യവ്യവഹാരങ്ങൾ

ചേരചോളപാണ്ഡ്യദേശങ്ങൾ ഉൾപ്പെടുന്ന പ്രാചീനതമിഴകത്തിന്റെ ചികിത്സാജ്ഞാനശാസ്ത്രമാണ് സിദ്ധവൈദ്യം. വടക്കു തിരുപ്പതിയും തെക്കു കന്യാകുമാരിയും കിഴക്കും പടിഞ്ഞാറും കടലുകളും ഭൂമിശാസ്ത്രഅതിർത്തിയായിട്ടുള്ള പ്രദേശത്തെയാണ് സിദ്ധവൈദ്യം അടയാളപ്പെടുത്തുന്നത്. പതിനെട്ടു സിദ്ധന്മാരടങ്ങുന്ന ദക്ഷിണേന്ത്യൻ ആദ്ധ്യാത്മികമണ്ഡലമാണ് ഇതിന്റെ സാംസ്കാരികസ്ഥലരാശി. ഒന്നാം സംഘത്തിന്റെ കാലം മുതൽ സിദ്ധവൈദ്യത്തെ സംബന്ധിക്കുന്ന പരാമർശം കൃതികളിലുണ്ട്. ഏതാണ്ട് ബി.സി. എട്ടാം നൂറ്റാണ്ടുമുതൽ സിദ്ധവൈദ്യത്തെ സംബന്ധിക്കുന്ന രേഖാപരാമർശങ്ങൾ ലഭ്യമായിത്തുടങ്ങുന്നതായിട്ടാണ് അനുമാനിക്കേണ്ടത്. (കന്തസാമിപ്പിള്ളൈ: 1998)[2] അതിനുമുമ്പ് സിദ്ധന്മാർക്ക് ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം, തുരീയാതീതം എന്നീ തലങ്ങളിലുള്ള ദർശനങ്ങളിലൂടെ കിട്ടുന്ന അറിവുകൾ ആത്മീയൗന്നത്യമുള്ള ശിഷ്യരിലേക്കു വാമൊഴിയായി പകർന്നുകൊടുക്കുകയായിരുന്നു പതിവ്. ഭൂമിശാസ്ത്രത്തെ സംബന്ധിച്ചും ശരീരശാസ്ത്രത്തെ സംബന്ധിച്ചുമുള്ള സമ്പൂർണ്ണമായ കാഴ്ചപ്പാടു പുലർത്തുന്ന ഒരു സമഗ്രജീവിതദർശനമായിരുന്നു സിദ്ധവൈദ്യം എന്നതിൽ തർക്കമില്ല.

### തിണകൾ വൈദ്യശാസ്ത്രഭൂമികകൾ എന്ന നിലയിൽ

സംഘകാലത്തെ തിണസങ്കല്പം ശരീരശാസ്ത്രത്തെ സംബന്ധിക്കുന്ന ഒരു സാംസ്കാരികരേഖ കൂടിയാണ്. വിവിധസ്ഥലങ്ങളുടെ ഭൂമിശാസ്ത്രപ്രത്യേകതകളെക്കുറിച്ചും അവിടെയുള്ളവരുടെ ശാരീരികപ്രത്യേകതകളെക്കുറിച്ചും അവർക്കു വരാനിടയുള്ള രോഗങ്ങളെക്കുറിച്ചും അതിന്റെ പ്രതിവിധികളെക്കുറിച്ചും 'പദാർത്ഥഗുണചിന്താമണി'യിൽ പ്രസ്താവിക്കുന്നുണ്ട്. ഓരോ ഭൂപ്രദേശത്തിലുള്ളവരും കഴിക്കേണ്ട ഭക്ഷണത്തിന്റെയും മരുന്നിന്റെയും പ്രത്യേകതകളെക്കുറിച്ച് 'തെറൈയാർ യമക'ത്തിൽ പറയുന്നുണ്ട്.

'തിണൈ' എന്ന വാക്കുതന്നെ നാനാർത്ഥവാചിയാണ്. 'നിലം', 'ഭൂമി', 'തറൈ', 'ഇടം', 'മണ്ണ്' എന്നിങ്ങനെ തിണ എന്ന വാക്കിന് നിരവധി അർത്ഥഭേദങ്ങളുണ്ട് (അണൈവാരി ആർ. ആനന്ദൻ: 2005: 163).

നിലം: ഓരോ വസ്തുവും നില്ക്കുന്നതെവിടെയോ അതാണ നിലം

ഭൂമി: ജീവിവർഗ്ഗങ്ങളും സസ്യജാലങ്ങളും പുഷ്പിക്കുന്നതെവിടെയോ അതു ഭൂമി

തറ : എല്ലാം തരുന്നത്

ഇടം: വിത്തുകളെ ആഗിരണം ചെയ്തുവളർത്തുന്നത്.

മണ്ണ്: നല്ലവയെല്ലാം ഫലം നല്കുന്നത്.

ഓരോ തിണയുടെയും പ്രത്യേകതകൾ സിദ്ധവൈദ്യത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്.

1. കുറിഞ്ചിത്തിണ

കുറിഞ്ചിത്തിണയിലുള്ളവർ പൊതുവേ സ്വാഭാവികമായ ശക്തിയും രോഗപ്രതിരോധശേഷിയുമുള്ളവരാണ്. എങ്കിലും രക്തത്തെ ബാധിക്കുന്ന അസുഖങ്ങൾ ഈ പ്രദേശത്തുകാർക്കു കണ്ടുവരുന്നു. കഫസംബന്ധമായ അസുഖങ്ങളും ഇവർക്കുവരാം.

2. മുല്ലത്തിണ

മുല്ലത്തിണയിലുള്ളവർക്ക് പിത്തസംബന്ധമായും വാതസംബന്ധമായും ഉള്ള അസുഖങ്ങളാണ് കണ്ടുവരുന്നത്.

3. മരുതത്തിണ

മരുതത്തിണ കൃഷിഭൂമിയാണ്. ശുദ്ധജലം കൊണ്ടു സമൃദ്ധമായ ഈ നിലത്തിൽ പോഷകഗുണസമ്പുഷ്ടമായ ആഹാരം ലഭിക്കുന്നതിനാൽ ഈ തിണയിലുള്ളവരെ ത്രിദോഷങ്ങൾ ബാധിക്കുകയില്ല.

4.നെയ്തൽത്തിണ

കടൽത്തീരമായ നെയ്തൽത്തിണയിലാണ് ഉപ്പുണ്ടാക്കുന്നത്. ഇവിടത്തുകാർക്ക് വാതസ്വഭാവമാണുള്ളത്. ഇതു കരളിനെയും കുടലുകളെയും ബാധിക്കാം.

5. പാലൈത്തിണ

ഒന്നും വിളയാത്ത പാലൈനിലം വാതപിത്തകഫങ്ങളുടെ ക്രമരാഹിത്യംകൊണ്ട് എല്ലാ രോഗങ്ങൾക്കും ഇരിപ്പിടമാണ്. ഇവിടെ ജീവിക്കുന്നവർക്ക് അസുഖമില്ലാതെ കഴിയുക വിഷമം.

അഗസ്ത്യർ നിർദ്ദേശിച്ചതെന്നു കരുതപ്പെടുന്ന ചികിത്സാവിധികളും മരുന്നുകൂട്ടുകളും ഔഷധനിർമ്മാണസാമഗ്രികളുമാണ് ഇന്നും

സിദ്ധചികിത്സയിൽ ഉപയോഗിച്ചുവരുന്നത്. പതിനെട്ടുസിദ്ധരുടെയും അവരുടെ ശിഷ്യഗണങ്ങളുടെയും കർശനമായ ചിട്ടയിലാണ് സിദ്ധവൈദ്യം വളർന്നുവികസിച്ചത്. ലോഹങ്ങളും ഉപരസങ്ങളും ക്ഷാരങ്ങളും പാഷാണങ്ങളും ഉപയോഗിച്ചാണ് സിദ്ധവൈദ്യത്തിൽ ഔഷധങ്ങൾ നിർമ്മിക്കുന്നത്. ശാസ്ത്രീയപരിചരണത്തിലൂടെ ലോഹസ്വഭാവത്തിലും വിഷസ്വഭാവത്തിലും മാറ്റംവരുത്തി ഇവ താഴെപറയുന്ന രൂപത്തിലുള്ള ഔഷധക്കൂട്ടുകളാക്കിമാറ്റുന്നു:

1. പർപ്പം (ഭസ്മം)
2. ചെന്തൂരം (സിന്ദൂരം)
3. കട്ട്
4. കളങ്ക്

ബൗദ്ധിക അധിനിവേശങ്ങളും പാരമ്പര്യജ്ഞാനശാസ്ത്രങ്ങളും

ആര്യാധിനിവേശത്തോടെ സിദ്ധവൈദ്യത്തിന്റെ മൂലഗ്രന്ഥങ്ങൾ പലതും നശിപ്പിക്കപ്പെടുകയും സംസ്കൃതത്തിലുള്ള അവയുടെ മൊഴിമാറ്റരൂപങ്ങൾ അധിനിവേശകർ തന്നെ പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങനെ എല്ലാ പരമ്പരാഗതജ്ഞാനശാസ്ത്രങ്ങളുടെയും എന്നപോലെ സിദ്ധവൈദ്യത്തിന്റെയും കുത്തക തമിഴ്സംസ്കാരത്തിൽനിന്നുമാറി സംസ്കൃതത്തിൽ എത്തിച്ചേരുന്ന കാഴ്ചയാണ് ഒരു സംസ്കാരപഠിതാവിനു കാണാൻ കഴിയുക. ചരിത്രരചനാപദ്ധതി ഒരു കൊളോണിയൽ ജ്ഞാനനിർമ്മിതിയായിട്ടാണ് വർത്തമാനകാലം തിരിച്ചറിയുന്നതെങ്കിലും വരിഷ്ഠമായ ഏതൊരു ചരിത്രത്തിലും കപടചരിത്രരചനയുടെ ബോധപൂർവ്വമായ അംശങ്ങൾ കണ്ടെടുക്കാൻ കഴിയും. ആര്യവ്യവഹാരമായി സിദ്ധവൈദ്യത്തെ പില്ക്കാലതലമുറയിലേക്കു പകരുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ബോധപൂർവ്വമായ ഉദ്ദേശ്യം ഈ സംസ്കൃതവത്കരണത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുള്ളതായാണ് ഇതിനെ സംബന്ധിക്കുന്ന വാമൊഴിചരിത്രങ്ങൾ സൂചിപ്പിക്കുന്നത്. വ്യവസ്ഥാപിതചരിത്രത്തിന്റെ ബൃഹദാഖ്യാനങ്ങളിൽ വിള്ളൽ വീഴ്ത്താൻ ചെറിയചെറിയ അനുഭവകഥനങ്ങൾക്കു കഴിയുമെന്നും അവ എതിർചരിത്രനിർമ്മിതിയിൽ നിർണ്ണായകമാണെന്നും സ്റ്റീഫൻ ഗ്രീൻബ്ലാറ്റും കാതറീൻ ഗാലഘറും പറയുന്നത് ഇവിടെ പ്രസക്തമാണ്.

സിദ്ധവൈദ്യത്തെ സംബന്ധിക്കുന്ന എല്ലാ രേഖാചരിത്രങ്ങളിലും സിദ്ധത്തിനു സ്വന്തമായിരുന്ന 'രസവാദ'ത്തെപ്പറ്റി പറയുന്നുണ്ട്. രസം അഥവാ മെർക്കുറി ഉപയോഗിച്ചുള്ള ലോഹപരിചരണപ്രക്രിയയെയാണ് അതു സൂചിപ്പിക്കുന്നത്. രസവാദം അതിന്റെ രാഷ്ട്രീയപ്രാധാന്യം

കൊണ്ടുകൂടിയാണ് ശ്രദ്ധേയമായത്. കേവലം ഒരു ആറ്റോമികസംഖ്യ യുടെ വ്യത്യാസം മാത്രമുള്ള ലോഹങ്ങളാണ് മെർക്കുറിയും സ്വർണ്ണവും. പഞ്ചലോഹവിഗ്രഹങ്ങളിൽ പ്രത്യേക അനുപാതത്തിൽ രസപ്രയോഗം നടത്തി സ്വർണ്ണമാക്കുന്ന വിദ്യ സിദ്ധവൈദ്യന്മാർക്കു വശമുണ്ടായിരു ന്നു എന്നാണ് പറയപ്പെടുന്നത്. സ്വർണ്ണം ശത്രുക്കൾ മോഷ്ടിച്ചുകൊണ്ടു പോകാതിരിക്കാനായി അതിനെ മറ്റുരൂപങ്ങളിൽ സൂക്ഷിച്ചുവയ്ക്കാനും ആവശ്യം വരുമ്പോൾ തിരികെ സ്വർണ്ണമാക്കാനും ഇവർക്കു കഴിഞ്ഞി രുന്നുവത്രേ. മായൻസംസ്കാരത്തിനു സംഭവിച്ച ദുരന്തംപോലെയൊന്ന് സിദ്ധസംസ്കാരത്തിനും സംഭവിച്ചു എന്നാണ് പില്ക്കാലരാഷ്ട്രീയചരിത്ര ത്തിൽനിന്ന് അനുമാനിക്കാൻ കഴിയുക. ആയുധവിദ്യ പ്രബലമായിരു ന്ന അക്കാലത്ത് യുദ്ധത്തിൽ മുറിവേറ്റവരെ രക്ഷിക്കാനും മറ്റുമായി ശസ്ത്ര ക്രിയകളും നടത്തിയിരുന്നു. പലതരം ശസ്ത്രക്രിയോപകരണങ്ങളെക്കു റിച്ച് സിദ്ധവൈദ്യഗ്രന്ഥങ്ങളിൽ പരാമർശമുണ്ട്. ഇവ കൂടാതെ കളരി പോലുള്ള ആയോധനമുറകൾ, അവയ്ക്ക് ആവശ്യമുള്ള മർമ്മചികിത്സകൾ ഇവയും സിദ്ധവൈദ്യത്തിൽ ഉണ്ടായിരുന്നു. സിദ്ധവൈദ്യത്തിലെ ഏറ്റ വും വിപുലമായ ശാഖകളിലൊന്നാണ് വിഷചികിത്സ. ശരീരത്തെ സം ബന്ധിക്കുന്ന സമഗ്രസമീപനത്തിന്റെ സാക്ഷ്യം കൂടിയാണിത്. ജീവിത ചര്യകൾ വേണ്ടതുപോലെ പാലിച്ചില്ലെങ്കിൽ ആഹാരംതന്നെ വിഷമാ യി പ്രവർത്തിക്കുമെന്നാണ് സിദ്ധവൈദ്യം അനുശാസിക്കുന്നത്. വിരു ദ്ധാഹാരങ്ങൾ ഒഴിവാക്കിയും ഋതുക്കൾക്കനുസരിച്ച് ആഹാരം ക്രമപ്പെ ടുത്തിയും ശരീരം വിഷമയമാകുന്നതൊഴിവാക്കാം. ഇതുകൂടാതെ ചികി ത്സയിൽ രണ്ടുതരം പഥ്യങ്ങളാണ് നിഷ്കർഷിക്കുന്നത്.

1. രോഗിയുടെ ശരീരപ്രകൃതമനുസരിച്ചുള്ള പഥ്യം
2. മരുന്നിന്റെ സ്വഭാവമനുസരിച്ചുള്ള പഥ്യം

കേരളത്തിലെ ആയുർവേദപാരമ്പര്യവും സിദ്ധവൈദ്യം പോലെത ന്നെ പ്രാചീനമാണ്. 'അഷ്ടാംഗഹൃദയം', 'അഷ്ടാംഗസംഗ്രഹ'ം എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ വാഗ്ഭടാചാര്യർ കേരളീയനായ ബുദ്ധമതപ ണ്ഡിതനായിരുന്നു എന്നു കരുതപ്പെടുന്നു. സിദ്ധവൈദ്യപാരമ്പര്യത്തിലെ ഭസ്മസിന്ദൂരചികിത്സാരീതികളും മർമ്മപ്രയോഗങ്ങളും ഒറ്റമൂലിപ്രയോഗ വും സ്വാംശീകരിച്ചുകൊണ്ട് കേരളത്തിലെ ആയുർവേദം മറ്റുനാടുകളിലെ ആയുർവേദചികിത്സാരീതിശാസ്ത്രങ്ങളെ പിന്തള്ളിക്കൊണ്ട് തനതായ മുദ്രപതിപ്പിച്ചിട്ടുള്ളതായി കാണാൻ കഴിയും. പല പച്ചിലമരുന്നുകളും സസ്യയോഗങ്ങളും കേരളത്തിന്റെ സ്വന്തമാണ്. വെള്ളവും തേങ്ങാപ്പാ ലുംകൊണ്ടുള്ള ചില അപൂർവ്വയോഗങ്ങൾ ശ്രീലങ്കൻ ബുദ്ധമതചികിത്സാ സമ്പ്രദായങ്ങളിൽനിന്നു കടംകൊണ്ടതാകാനിടയുണ്ട്. കേരളത്തിലെ

ഗൃഹവൈദ്യഗ്രന്ഥം എന്നുപറയാവുന്ന 'സഹസ്രയോഗ'ത്തിലെ കസ്തൂര്യാദി, ഗോരോചനാദി, ധാന്വന്തരം തുടങ്ങിയ ഗുളികകൾ, ഇളനീർക്കുഴമ്പ് എന്ന അഞ്ജനം ഇവയൊന്നും ഉത്തരേന്ത്യൻ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ കാണുന്നില്ല. നാഡി പരിശോധിച്ചുള്ള രോഗനിർണ്ണയവും ചികിത്സയും സിദ്ധവൈദ്യത്തിൽ നിലനിന്നിരുന്നതാണ്.

എ.ഡി. എട്ടാംനൂറ്റാണ്ടുമുതൽ പ്രബലമായ ആര്യാധിവേശം ദ്രാവിഡമായ ജ്ഞാനശാസ്ത്രങ്ങൾക്കുമേൽ ബൗദ്ധികകർത്തൃത്വം സ്ഥാപിക്കുന്നതിന്റെ ഭാഗമായി സിദ്ധത്തിലെയും ബൗദ്ധപാരമ്പര്യത്തിലെയും ഗുരുശിഷ്യപരമ്പരകളുടെ കണ്ണികൾ മുറിക്കുന്നതായി കാണാം. കഠിനമായ വ്രതനിഷ്ഠ സിദ്ധമരുന്നുകളുടെ നിർമ്മാണത്തിന് അത്യന്താപേക്ഷിതമായി നിർദ്ദേശിച്ചിരുന്നു. തമിഴിൽ 'പണിവിടൈ' എന്നു വ്യവഹരിക്കുന്ന ഗുരുകുലസമ്പ്രദായത്തിലൂടെയാണ് ഇതു സാധിച്ചിരുന്നത്. ഗുരുവിന്റെ എല്ലാ കർമ്മങ്ങളും ചെയ്തു കൂടെത്താമസിക്കലാണിത്. ഇങ്ങനെ പന്ത്രണ്ടുവർഷം കൂടെനിന്നാൽ മാത്രമാണ് സിദ്ധചികിത്സ പഠിപ്പിക്കുക. അതിൽത്തന്നെ തെരഞ്ഞെടുക്കപ്പെടുന്നവരെമാത്രമേ മർമവിദ്യ പഠിപ്പിക്കൂ. രാഷ്ട്രീയകാരണങ്ങൾമൂലം ഇങ്ങനെ പഠിക്കാനുള്ള സാഹചര്യം ഇല്ലാതായതോടെ ഈ അറിവുകൾ വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിന്റേതുമാത്രമായി ചുരുങ്ങി. ആയുർവേദഗ്രന്ഥമായ 'അഷ്ടാംഗസംഗ്രഹ'ത്തിൽ നിന്നു മുറിച്ചുമാറ്റപ്പെട്ട വന്ദനശ്ലോകത്തെപ്പറ്റി വ്യാഖ്യാതാവായ എം. നാരായണൻ വൈദ്യർ പറയുന്നുണ്ട് (1981:4).

തൃഷ്ണാദീർഘമസദ്വികല്പശിരസം
പ്രദ്വേഷചഞ്ചൽഫണം
കാമക്രോധവിഷം വിതർക്കദർശനം
രാഗപ്രചണ്ഡേക്ഷണം
മോഹാസ്യം സ്വശരീരകോടരശയം
ചിത്തോരുഗം ദാരുണം
പ്രജ്ഞാമന്ത്രബലേണ യഃ ശമിതവാൻ
ബുദ്ധായ തസ്മൈ നമഃ

എന്ന ഈ ശ്ലോകം 'അഷ്ടാംഗസംഗ്രഹ'ത്തിന്റെ ആദ്യകാലപതിപ്പുകളിൽ മാത്രമേ കാണുന്നുള്ളൂ. അതുപോലെ 'അഷ്ടാംഗഹൃദയ'ത്തിലെ

രാഗാദിരോഗാൻ
സതതാനുഷക്താൻ
അശേഷകായ
പ്രസൃതാനശേഷാൻ

ഔത്സുക്യമോഹാ
രതിഭാൻ ജഘാന
യോളപൂർവ്വവൈദ്യായ
നമോസ്തു തസ്മൈ

എന്ന വന്ദനശ്ലോകത്തിലെ 'അപൂർവ്വവൈദ്യൻ' ബുദ്ധനാണെന്നു കാണാം (പവനൻ: 2008: 91). എന്നാൽ അതു ജഗദീശ്വരനാണെന്ന മട്ടിലാണ് സാമ്പ്രദായികമായി ഇന്നു വ്യാഖ്യാനിക്കപ്പെടുന്നത്.

അങ്ങനെ ബോധപൂർവ്വമായ ഉന്മൂലനത്തിന്റെ ഫലമായാണ് സിദ്ധ, ആയുർവേദപാരമ്പര്യങ്ങൾ അവയുടെ സഹജസാഹചര്യങ്ങളിൽ നിന്ന് ഇല്ലാതാകുന്നത്. പക്ഷേ, അവ പങ്കുവെച്ച ജ്ഞാനമണ്ഡലങ്ങൾ ജനസാമാന്യത്തിൽ അലിഞ്ഞുചേരുകയാണുണ്ടായത്. മർമ്മചികിത്സ ഉത്തരകേരളത്തിലെ കളരിമുറകളുമായി ബന്ധപ്പെട്ടും ഒറ്റമൂലിചികിത്സകൾ 'കോടങ്കികൾ' എന്നപേരിൽ കാടാറുമാസം നാടാറുമാസം എന്ന നിലയിൽ കഴിഞ്ഞിരുന്ന അവധൂതന്മാരുമായി ബന്ധപ്പെട്ടും തുടർന്നു. ഇതാണു പിന്നീട് ലാടവൈദ്യം എന്നപേരിൽ അറിയപ്പെട്ടത്. വിഷവൈദ്യം ഋതുചര്യയായും ജീവിതക്രമമായും ജനതയുടെ ഭാഗമായി. ഗൃഹവൈദ്യം, ബാലവൈദ്യം, ഗർഭരക്ഷ, പ്രസവരക്ഷ തുടങ്ങി സാമാന്യജനങ്ങളുടെ ഭൗതികജീവിതത്തിന്റെ അവിഭാജ്യഘടകമായും സംസ്കാരമായും ഇതു നിലനിന്നുപോരുന്നതായാണു കാണാൻ കഴിയുക.

## കുറിപ്പുകൾ

1. irrational ,unscientific എന്നീ വാക്കുകളാണ് മെക്കാളെ ഉപയോഗിക്കുന്നത്.
2. ഒന്നാംസംഘം നാലായിരത്തി നാനൂറു വർഷവും രണ്ടാംസംഘം മൂവായിരത്തി എഴുനൂറു വർഷവും അവസാനസംഘം ആയിരത്തി എണ്ണൂറ്റിഅമ്പതു വർഷവും നിലനിന്നു എന്നാണ് സിദ്ധവൈദ്യചരിത്രകാരന്മാർ വിശ്വസിക്കുന്നത്.

## സഹായകഗ്രന്ഥങ്ങൾ

3. Anadan, Anaivaari. R(ed.)(2005), A Compendium of Siddha Doctrine, Chennai, Department of Indian Medicine and Homoeopathy.
4. Arnold, David,(1993),Colonizing the Body: State Medicine and Epidemic Disease in Nineteenth Century India, Delhi, Oxford University Press.
5. Ashcroft, Bill *et al.* Ed.( 2008), The Post-Colonial Studies Reader, London & Newyork: Routledge.
6. Kandaswamy Pillai, N. (1998), History of Siddha Medicine, Chennai, Department of Indian Medicine and Homoeopathy.

7. Sanmukhavelu, M. (2009), Line of Treatment in Siddha, Chennai, Department of Indian Medicine and Homoeopathy.

8. നാരായണൻ വൈദ്യർ, എം. (വ്യാഖ്യാതാ) (1981), അഷ്ടാംഗഹൃദയം (സൂത്രസ്ഥാനം), എടയ്ക്കാട്.

9. പവനൻ, സി.പി. രാജേന്ദ്രൻ (2008), ബൗദ്ധസ്വാധീനം കേരളത്തിൽ: ഒരു സാംസ്കാരികപഠനം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.